**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **31-08-2022 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിയുടെ വ്യാപനവും ഉല്പാദന വർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും കിലോഗ്രാമിന് 28.20 രൂപ നിരക്കിൽ കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം 7.484 ലക്ഷം മെട്രിക് ടൺ നെല്ല് കിലോഗ്രാമിന് 28 രൂപ നിരക്കിൽ സംഭരിച്ചിട്ടുണ്ട്. വിലയും വിപണിയും ഉറപ്പായതിനാൽ കൂടുതൽ കർഷകരെ ഇതുവഴി നെൽകൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സാദ്ധ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി" യിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ ഘടക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | 2018 മുതലുള്ള പ്രളയത്തിലും വെള്ളപ്പൊക്കത്തിലും നെൽകൃഷിക്കുണ്ടായിട്ടുള്ള കനത്ത നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (സി) | പ്രളയംമൂലം നെൽകൃഷിക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ള കർഷകർക്ക് സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിന് നാളിതുവരെ നടത്തിയ ഇടപെടലുകളുടെ പുരോഗതി വ്യക്തമാക്കാമോ; | (സി) | **പ്രളയം മൂലമുണ്ടായ കൃഷി നാശത്തിനു സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര മാനദണ്ഡമനുസരിച്ചുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നിശ്ചിത മാനദണ്ഡങ്ങൾക്കും, നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ** |

| | | | |
|---|---|---|---|
| | | | **പോർട്ടലായ എയിംസ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തി അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ഇത് മുഖേന സാധിക്കുന്നു.**<br><br>**വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ നാളിതുവരെ 5.130 MT നെൽവിത്ത് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കർഷകരുടെ തുടർന്നുള്ള ആവശ്യകത നിറവേറ്റുന്നതിനായി KSSDA ൽ 2000.00 MT നെൽവിത്ത് കരുതൽ ശേഖരമായി സജ്ജമാണ്.**<br><br>**2022-23 വർഷത്തിൽ നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.** |
| (ഡി) | വിളനാശം വന്ന കർഷകർക്ക് സാങ്കേതിക കാരണങ്ങളാൽ ധനസഹായം വൈകിക്കാതിരിക്കുന്നതിനും അർഹരായ മുഴുവൻ പേർക്കും യഥാസമയം ആയത് വിതരണം ചെയ്യുന്നതിനും നിർദേശം നൽകുമോ; | (ഡി) | വിളനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും ആയതു പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തി കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. ഈ നടപടിക്രമത്തിൽ സാങ്കേതികമായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അടിയന്തിര സാഹചര്യത്തിൽ നെറ്റ്‌വർക്ക് തകരാറു മൂലം കർഷകർക്ക് സമയ ബന്ധിതമായി അപേക്ഷിക്കാൻ സാധിക്കാതെ വന്നാൽ ആയതു പരിഗണിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനായി എയിംസ് പോർട്ടലിൽ സമയപരിധി ദീർഘിപ്പിച്ചു നൽകുന്നുണ്ട്. ധനസഹായ വിതരണം, സമയബന്ധിതമായി സെൻട്രലൈസ്ഡ് ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ (CDBT) മുഖേന നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് യഥാസമയം നൽകുന്നുണ്ട്. |
| (ഇ) | കാലം തെറ്റിയ മഴയും പ്രളയവും വെള്ളപ്പൊക്കവും അതിജീവിച്ച് നെൽകൃഷിയിൽ ഏർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ആധുനിക കൃഷിരീതികൾ അവലംബിക്കുന്നതിൽ പ്രാപ്തരാക്കുന്നതിനും | (ഇ) | കാലം തെറ്റിയ മഴയും പ്രളയവും വെള്ളപ്പൊക്കവും അതിജീവിച്ച് നെൽകൃഷിയിൽ ഏർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശത്തിനു നിശ്ചിത നിരക്കുകൾക്കു വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണ |

| | | | |
|---|---|---|---|
| | ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | | നിധിയിൽ (SDRF) നിന്നുമുള്ള വിഹിതവും, സംസ്ഥാനവിഹിതവും, വിള ഇൻഷുറൻസ് നഷ്ടപരിഹാരവും നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭം മൂലം വിതച്ച നെല്ല് നഷ്ടമാകുന്ന സാഹചര്യത്തിൽ വീണ്ടും വിതക്കുന്നതിനായി സംസ്ഥാന വിത്ത് വിതരണ ഏജൻസിയുടെ കരുതൽ ശേഖരത്തിൽ നിന്നും നെൽവിത്ത് സൗജന്യമായി കർഷകർക്ക് നൽകുന്നു. മടവീഴ്ച ഉണ്ടാകുന്ന പാടങ്ങളിലെ മട പുനർ നിർമ്മിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള (SDRF) ആനുകൂല്യം ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കുന്നുണ്ട്.<br><br>കൂടാതെ, കർഷകർ വയലുകൾ തരിശിടുന്നത് ഒഴിവാക്കി, നെൽകൃഷി തുടരുന്നത് പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കൃഷിഭവനുകൾ മുഖാന്തിരം അത്യുല്പാദന ശേഷിയുള്ള ഹ്രസ്വകാല മൂപ്പുള്ള നെൽവിത്ത്, ഗുണമേന്മയുള്ള മറ്റ് ഉല്പാദനോപാധികൾ എന്നിവ ലഭ്യമാക്കുകയും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിന് വേണ്ടസാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ നെൽകൃഷിക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകുക, കൊയ്ത്ത്മെതി യന്ത്രം മുതലായവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നെൽകർഷകർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം-4** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി" യിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ ഘടക പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ**

1) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽ വിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5100 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

2) പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83333.33 ഹെക്ടർ പ്രദേശത്തു പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയത് പൂർണമായി നടപ്പിലാക്കുകയും നീക്കി വെച്ച തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിലും 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

3) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലഫോൺ ചാർജ്, ഇന്ധന ചെലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചെലവുകൾക്കായി 22.68981 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. നെൽകൃഷി വികസന ഏജൻസികൾക്ക് ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2022-23 വർഷത്തിലും 30 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

4) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി, ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 10000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി 499.99995 ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.999995 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, 1415 ഹെക്ടർ തരിശുനില കൃഷിക്ക് 566 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്.

5) കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതി ഒരുപൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടുപൂ നെൽകൃഷി, ഒന്നാം വിള

നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലുയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 124.18147 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനായി 2022-23 വർഷത്തിൽ 275 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

6) നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ 18519.86 ഹെക്ടറിലേക്ക് റോയൽറ്റിയായി 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. 2022-23 വർഷത്തിൽ റോയൽറ്റി 3000/- രൂപ നിരക്കിൽ 30000 ഹെക്ടറിലേക്ക് 900 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

7) 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതിക്കായി 2022-23 വർഷത്തിൽ 125 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

8) 2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരി മേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തിര പ്രവർത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു.

ഭക്ഷ്യ വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2020-ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 4,431 ഹെക്ടറിൽ തരിശ് നെൽകൃഷി നടപ്പിലാക്കി.

മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. 2021-22 ൽ 54732.839 ഹെക്ടറിൽ കുമ്മായം വിതരണം ചെയ്യുന്നതിന് ആകെ 2963.874 ലക്ഷം രൂപ വിനിയോഗിച്ചിരുന്നു. 2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2130 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവൽക്കരണവും - നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിധ്യവൽക്കരണവും പ്രോത്സാഹനവും പദ്ധതിയിൽ 14 ജില്ലകളിലായി നെല്ല്, ചെറുധാന്യങ്ങൾ എന്നിവ 250 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിലേക്കായി 2021-22 വർഷത്തിൽ 25.00 ലക്ഷം രൂപ ചെലവഴിച്ചു.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 727.96396 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 24.19808 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.275 ലക്ഷം രൂപയും വിതരണം ചെയ്തു. 2022-

23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" - യിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിൽ 2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 29000 ഹെക്ടറിൽ നെൽകൃഷിക്കുള്ള ഉത്പാദനോപാധികൾക്കായി ഹെക്ടറൊന്നിനു 4500/- രൂപ പ്രകാരം ധനസഹായം നൽകുകയും, നെല്ലിന്റെ മൂല്യ വർദ്ധനവിനായി 10 മിനി റൈസ് മിൽ, 3 സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. ആകെ 623.86805 ലക്ഷം രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കി.

ദേശിയ ഭക്ഷ്യ സുരക്ഷ പദ്ധതി (നെല്ല്) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2021-22 വർഷത്തിൽ 86.33 ലക്ഷം രൂപ അനുവദിച്ചത് പൂർണമായി ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ മുൻ വർഷത്തെ ഫണ്ട് ഇനത്തിൽ 26.67 ലക്ഷം രൂപ ലഭിച്ചത് നിലവിൽ ചെലവഴിച്ചു വരികയാണ്. കൂടാതെ, ഈ വർഷത്തിൽ 53.70 ലക്ഷം രൂപയുടെ പദ്ധതി ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുമുണ്ട്.

ജനകീയാസൂത്രണം പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000 രൂപ) കർഷകർക്ക് ലഭിക്കും. പൊക്കാളി കരി , കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000 രൂപയാണ്. 2021-22 വർഷത്തിൽ ഹെക്ടറിന് 22,000 രൂപയായിരുന്നു ഈയിനത്തിൽ പരമാവധി ആനുകൂല്യം.

**അനുബന്ധം-2**

## നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക്

| വർഷം | വിസ്തൃതി (ഹെക്ടർ) | നഷ്ടം (ലക്ഷത്തിൽ) |
|---|---|---|
| 2018-19 | 35000 | 66150 |
| 2019-20 | 68304 | 102456 |
| 2020-21 | 56423 | 84635 |
| 2021-22 | 43047 | 64571 |

**അനുബന്ധം-3**

**2022-23 വർഷത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ നൽകിയ തുകയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ചത് (തുക ലക്ഷത്തിൽ) | വിതരണം നടത്തിയത് (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി | 500.00 | 204.692 |
| 2 | സംസ്ഥാന വിള ഇൻഷ്വറൻസ് | 3000.00 | 2997.35989 |
| | **ആകെ** | **3500.00** | **3202.05098** |

**<u>അനുബന്ധം-4</u>**

## നെൽകർഷകർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെ വിവരങ്ങൾ

| കർഷകന് നെൽകൃഷിക്കായി കൃഷി വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ / സഹായം | | |
|---|---|---|
| **എ)** | **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | |
| I | **<u>കർഷകന് നേരിട്ട് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>** | |
| 1 | സുസ്ഥിര നെൽകൃഷി വികസന പദ്ധതി<br>അത്യുല്പാദന ശേഷിയുള്ള വിത്തുൾപ്പെടെയുള്ള ഉത്പാദനോപാദികളുടെ വിതരണം | Rs.5500/ഹെക്ടർ |
| 2 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലന പദ്ധതി<br>കുമ്മായ വിതരണം - 600 കിലോഗ്രാം/ ഹെക്ടർ സബ്സിഡി പരമാവധി 9 രൂപ/കിലോ | Rs.5400/ഹെക്ടർ |
| 3 | ഉല്പാദന ബോണസ് | Rs.1000/ഹെക്ടർ |
| 4 | നെൽവയൽ ഉടമകൾക്ക് റോയൽറ്റി | Rs.3000/ഹെക്ടർ |
| 5 | നെല്ല് സംഭരണം<br>സംഭരണ വില - Rs.28.20/- (18.80 GOI + 9.40 GOK). 2020 -21ലെ ഉല്പാദനക്ഷമത പ്രകാരം ഒരു ഹെക്ടറിന് - 3090 Kg x Rs.28.20/- | Rs.87138/ഹെക്ടർ |
| | **ആകെ** | **Rs.1,02038/ഹെക്ടർ** |

| II | നെൽകൃഷി പ്രോത്സാഹനത്തിനുളള പ്രത്യേക പദ്ധതികൾ | |
|---|---|---|
| 1 | കരനെൽ കൃഷി (Upland Paddy Cultivation) | Rs.13,600/ഹെക്ടർ |
| 2 | ഒരുപൂ കൃഷി ഇരിപ്പൂ ആക്കുന്നതിന് ഇൻസെന്റീവ് (Operation Kole Double) | Rs.10,000/ഹെക്ടർ |
| 3 | പ്രത്യേക നെൽ ഇനങ്ങളുടെ കൃഷി വർദ്ധിപ്പിക്കൽ (Promotion and Cultivation of Traditional Speciality Rice) | Rs.10,000/ഹെക്ടർ |
| 4 | തരിശ് നില നെൽകൃഷി (സുഭിക്ഷ കേരളം) (Fallow Land Cultivation) (കർഷകന് Rs.35,000/-, ഉടമസ്ഥന് Rs.5,000/-) | Rs.40,000/ഹെക്ടർ |
| 5 | രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP) പ്രകാരം രജിസ്റ്റർ ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിന് 80 കിലോഗ്രാം നെൽവിത്ത് 40 രൂപാ നിരക്കിൽ നൽകുന്നു. | Rs.3,200/ഹെക്ടർ |
| 6 | RSGP പദ്ധതി പ്രകാരം ഉത്പാദിപ്പിച്ച നെൽവിത്ത് കർഷകരിൽ നിന്നും KSSDA എടുക്കുന്ന നിരക്ക്:<br>(i) കർഷകർ തയ്യാറാക്കിയ വിത്തിന്<br>(ii) ഫാക്ടറി പ്രോസസിംഗ് നടത്തിയ വിത്തിന് | (i) Rs.34.48/Kg<br>(ii) Rs.37.48/Kg |
| 7 | പ്രകൃതി ക്ഷോഭം മൂലം നെൽകൃഷി നാശത്തിന് നൽകുന്ന സഹായ ധനം | Rs.13,500/ഹെക്ടർ |
| 8 | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കൃഷി നാശത്തിനുളള ധനസഹായം<br>(i) 45 ദിവസത്തിനകമുളള വിളയ്ക്ക്<br>(ii) 45 ദിവസത്തിനുശേഷമുളള വിളയ്ക്ക് | (i)Rs.15,000/ഹെക്ടർ<br>(ii)Rs.35,000/ഹെക്ടർ |
| 9 | പ്രകൃതി ദുരന്തങ്ങൾമൂലം ഉണ്ടാകുന്ന നെൽകൃഷിയുടെ നാശത്തിന് KSSDA മുഖേന കരുതൽ ശേഖരത്തിൽ നിന്നും കണ്ടിൻജൻസി പ്രോഗ്രാം പ്രകാരം സൗജന്യ നെൽവിത്ത് വിതരണം @80Kg/ഹെക്ടർ xRs.40/- | Rs.3,200/ഹെക്ടർ |

| | | |
|---|---|---|
| III | **ഗ്രൂപ്പ് ഫാമിംഗ് സമിതി / നെൽകൃഷി വികസന ഏജൻസികൾ മുഖേനയുള്ള സഹായം** | |
| (i) | ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഓപ്പറേഷൻ സപ്പോർട്ട് ഒരു ഹെക്ടറിന് 360 രൂപാ നിരക്കിൽ വകയിരിത്തിയിരിക്കുന്ന ആകെ തുക | 300 ലക്ഷം |
| (ii) | നെൽകൃഷി വികസന ഏജൻസികൾക്ക് ഓപ്പറേഷണൽ സപ്പോർട്ടായി നൽകുന്ന ധനസഹായത്തിനായി വകയിരുത്തിയ ആകെ തുക | 30 ലക്ഷം |
| (iii) | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, റൈസ് മിൽ സ്ഥാപിക്കൽ, ബ്ലോക്ക് ലെവൽ കൺവർജൻസ് അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ പ്രൊജക്ടധിഷ്ഠിതമായി 5 ലക്ഷം വരെയുള്ള പ്രൊപ്പോസലുകൾ ജില്ലാതല സമിതിയുടെയും 5 ലക്ഷത്തിന് മുകളിൽ സംസ്ഥാനതല സമിതിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കുന്നു. | 70 ലക്ഷം |
| IV | **ജനകീയാസൂത്രണ പദ്ധതി** | |
| (i) | സാധാരണ നെൽകൃഷി | Rs.25,000/ഹെക്ടർ |
| (ii) | പൊക്കാളി കൈപ്പാട് കരി നെൽകൃഷി | Rs.32,000/ഹെക്ടർ |